ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2010 ഡിസംബർ 31-ലെ താൽക്കാലിക കണക്കുകൾപ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 74298 കോടി രൂപയാണ്. 2001-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ 31-12-2010-ൽ സംസ്ഥാനത്തിന്റെ ആളോഹരികടം 23364 രൂപയാണ്.

(ബി) ആഭ്യന്തര ഏജൻസികളായ LIC, GIC, NABARD എന്നിവയിൽനിന്നുള്ള കടമെടുക്കൽ, പൊതുവിപണിയിൽനിന്നുള്ള കടം, ദേശീയ ലഘു സമ്പാദ്യ ഫണ്ടിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, വിദേശ സഹായ പദ്ധതികൾക്കായുള്ള വിദേശ വായ്പാ ഏജൻസികളിൽനിന്നുള്ള കടമെടുക്കൽ എന്നിവയാണ് വായ്പ എടുക്കുന്നതിനുള്ള പ്രധാന സ്രോതസ്സുകൾ.

(സി) 2005-06 സാമ്പത്തിക വർഷത്തിൽ 45929 കോടി രൂപയായിരുന്ന കടബാധ്യത 2009-10 സാമ്പത്തിക വർഷമായപ്പോഴേക്കും 70969 കോടി രൂപയായി ഉയർന്നിട്ടുണ്ട്. എന്നാൽ 2005-06 സാമ്പത്തിക വർഷത്തിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 33.5 ശതമാനമായിരുന്ന കടബാധ്യത 2009-10 ആയപ്പോൾ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 30.8 ശതമാനമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ നേരിടുന്നതിന് വായ്പകൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

(ഡി) സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പൊതുകടത്തിന്റെ തിരിച്ചടവ് യഥാസമയംതന്നെ നടത്തുന്ന രീതിയിലുള്ള സംവിധാനമാണ് നിലവിലുള്ളത്. സർക്കാർ കണക്കിലെ നീക്കിയിരുപ്പുകൾ പരമാവധി വിനിയോഗിച്ചുകൊണ്ടും പുതിയ കടമെടുപ്പുകൾ ആവശ്യാധിഷ്ഠിതമായി ക്രമീകരിച്ചും കടങ്ങൾ യഥാസമയം തിരിച്ചുടച്ചുവരുന്നു.

(ഇ) ഇല്ല. 2005-06-ൽ സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 33.5 ശതമാനമായിരുന്ന പൊതുകടം 2009-10-ൽ 30.8 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്ലാൻ, നോൺ-പ്ലാൻ അലോക്കേഷനുകൾ

156 (170) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിവർഷം ഓരോ വകുപ്പിനുമുള്ള പ്ലാൻ അലോക്കേഷനും, നോൺ-പ്ലാൻ അലോക്കേഷനും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

(ബി) ഓരോ വർഷത്തെയും അഡീഷണൽ അലോക്കേഷൻ എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

(സി) ഓരോ വർഷത്തെയും ഈ അലോക്കേഷനുകളിൽനിന്നുള്ള ചെലവ് എത്രയാണ് ; അത് മൊത്തം അലോക്കേഷന്റെ എത്ര ശതമാനംവീതം വരുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ ഓരോ പ്രവർത്തന മേഖലയിലും ആകെ വകയിരുത്തിയ തുകകൾ സംബന്ധിച്ചവിവരം അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 4-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരമാണ്.*

(ബി) പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ ഓരോ പ്രവർത്തനമേഖലയിലും അധികമായി വകയിരുത്തിയ തുകകൾ സംബന്ധിച്ചവിവരം അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 5-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളപ്രകാരമാണ്.

(സി) വിവിധ പ്രവർത്തനമേഖലകളിൽ പദ്ധതി, പദ്ധതിയേതര ഇനങ്ങളിലുള്ള ചെലവു സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 7,8 കോളങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളപ്രകാരമാണ്.

പദ്ധതി അടങ്കൽതുക

157 (171) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തെ പദ്ധതി അടങ്കൽ എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

(ബി) ഇവയിൽ ജനുവരി 15-വരെ വിവിധ വകുപ്പുകൾ എത്ര രൂപ ചെലവഴിച്ചു. ഇത് എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ ;

(സി) 2010 ഡിസംബർ 31-വരെ കടബാധ്യത എത്ര രൂപയാണ് ;

(ഡി) ഈ സാമ്പത്തികവർഷം ഏതെങ്കിലും ഏജൻസികളിൽനിന്നും വായ്പ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ എത്ര ശതമാനം പദ്ധതി തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) സാമ്പത്തിക വർഷത്തിന്റെ അവസാനപാദം പദ്ധതിപ്പണം വർദ്ധിതമായി വിനിയോഗിക്കുന്നത് തടയുന്നതിന് ധനകാര്യവകുപ്പിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ മറ്റ് വകുപ്പുകൾക്ക് കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10025 കോടി രൂപയാണ് 2010-11 വർഷത്തെ പദ്ധതി അടങ്കൽ.

(ബി) വകുപ്പുതല താല്ക്കാലിക കണക്കനുസരിച്ച് 2010 ഡിസംബർ 31-വരെ വിവിധ വകുപ്പുകൾ 4213.87 കോടി രൂപ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. എന്നിവയുടെ പദ്ധതി ചെലവുകൾ ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. ഇത് വാർഷിക പദ്ധതി അടങ്കലിന്റെ 42 ശതമാനമാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly